പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2630 | 27.01.2014- ലെ മറുപടിക്ക് |
|---|---|

## ഭക്ഷണസാധനങ്ങളിലെ മായം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീമതി. കെ. കെ. ലതിക | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | അതിർത്തി കടന്നുവരുന്ന ഭക്ഷണ സാധനങ്ങളിലെ മായം കണ്ടെത്തുന്നതിന് എന്തെങ്കിലും സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | എ) | അതിർത്തി കടന്നുവരുന്നതുൾപ്പെടെ എല്ലാ ഭക്ഷണസാധനങ്ങളുടെയും സാമ്പിളുകൾ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ പരിശോധനയ്ക്കായി ശേഖരിക്കാറുണ്ട്. കൂടാതെ ഭക്ഷ്യോൽപന്നങ്ങൾ അന്യസംസ്ഥാനങ്ങളിൽ നിന്നും അധികമായി കടന്നുവരുന്ന ഓണം പോലുള്ള കാലഘട്ടത്തിൽ പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് അതിർത്തി ചെക്ക്പോസ്റ്റ് കേന്ദ്രീകരിച്ച് പ്രവർത്തിക്കാറുണ്ട്. |
| ബി) | ചെക്ക് പോസ്റ്റുകളോട് അനുബന്ധിച്ച് ഇതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | ബി) | ചെക്ക് പോസ്റ്റുകളോട് അനുബന്ധിച്ച് സ്ഥിരം സംവിധാനങ്ങൾ നിലവിലില്ല. എന്നാൽ അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്ന ഭക്ഷ്യോൽപന്നങ്ങൾ പരിശോധിക്കുക എന്ന ഉദ്ദേശം കൂടി മുൻനിർത്തി മൂന്ന് മൊബൈൽ ലബോറട്ടറികൾ ഈ സാമ്പത്തിക വർഷത്തിൽ തുടങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ അവസാനഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ